

മത്സ്യം

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി.
ഇ മെയിൽ: kvkernakulam@yahoo.co.in

# കാളാഞ്ചി ചത്തുപോകുന്നു

*ഞാൻ പുഴയിൽ കൂടുകളിൽ കാളാഞ്ചി വളർത്തുന്നുണ്ട്. ചാളയാണ് തീറ്റ. ഇപ്പോൾ ഒരു കിലോയോളം തൂക്കമുണ്ട്. വലിയ മീനുകൾ ഇടയ്ക്കിടയ്ക്കു ചാകുന്നു. എന്താണ് പ്രതിവിധി. തീറ്റയിൽ മാറ്റം വരുത്തിയാൽ മതിയോ. എങ്കിൽ ഏത് തീറ്റ നൽകണം. എവിടെ കിട്ടും. എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.*

**യെജു, മൂത്തകുന്നം**



● നെയ് കൂടിയ ചാളപോലുള്ള മത്സ്യങ്ങൾ തീറ്റയായി നൽകുമ്പോൾ അമിതമായി നെയ് അടിഞ്ഞു കൂടിയാണ് വലുപ്പമുള്ള കാളാഞ്ചി മത്സ്യങ്ങൾ ഇടയ്ക്കിടെ ചാകുന്നത്. തിരി രൂപത്തിലുള്ള സമീകൃത തീറ്റ നൽകിവളർത്തുകയാണ് പ്രതിവിധി. മറ്റ് മത്സ്യങ്ങൾ തീറ്റയായി നൽകേണ്ടിവന്നാൽ ശരീരത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന നെയ് കുറയ്ക്കാൻ നടപടിയെടുക്കണം. നെയ് കുറഞ്ഞ മത്സ്യങ്ങളെ മാത്രം തീറ്റയായി നൽകുക. ഒപ്പം ആഴ്ചയിൽ ഒരിക്കൽ തീറ്റ നൽകാതിരിക്കുക. കൂടുതൽ ജലം ഒഴുകുന്ന സ്ഥലങ്ങളിലേക്ക് കൂടുകൾ മാറ്റിവച്ചാൽ മത്സ്യങ്ങൾ ഉണർവോടെ നീന്തിനടക്കുമെന്നതിനാൽ അടിഞ്ഞുകൂടിയ കൊഴുപ്പു തന്നെ പോകും.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ ചെന്നൈയിലുള്ള കേന്ദ്ര ഓരുജല ഗവേഷണ സ്ഥാപനം കാളാഞ്ചിക്കായി ബെറ്റ്കി അഹാർ എന്ന പേരിലുള്ള തീറ്റ തയാറാക്കിയിട്ടുണ്ട്. ഈ തീറ്റയോ വിപണിയിൽ ലഭ്യമായ, മാംസ്യം 50%, കൊഴുപ്പ് 15% വീതം അടങ്ങിയ തിരിത്തീറ്റയോ നൽകണം. നിലവിൽ ചാള കൊടുക്കുന്ന കാളാഞ്ചി മത്സ്യങ്ങൾ തിരിത്തീറ്റ എടുക്കില്ല. അതിനാൽ അടുത്ത കൃഷിക്ക് തിരി ത്തീറ്റ നൽകാനുദ്ദേശിക്കുന്നപക്ഷം തിരിത്തീറ്റ നൽകി വളർത്തിയ കുഞ്ഞുങ്ങളെത്തന്നെ വാങ്ങി അവയ്ക്കു തിരിത്തീറ്റതന്നെ നൽകണം.